LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള പരിപ്രേക്ഷ്യ പദ്ധതി 2030, 13-7-2015-ൽ പ്രകാശനം ചെയ്തിട്ടുണ്ട്.

(ബി) വിവിധ വകുപ്പ് സെക്രട്ടറിമാർ, അദ്ധ്യക്ഷൻമാർ, മറ്റ് ഉയർന്ന് ഉദ്യോഗസ്ഥർ എന്നിവരുമായി ആസൂത്രണബോർഡ് വൈസ് ചെയർമാൻ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ കൂടിയാലോചന നടത്തുകയും പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതിനായി 2015-16 വർഷ ബഡ്ജറ്റിൽ 25 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പ്രവൃത്തികൾ

30 (5377) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും ഏത്ര ഇക വീതമാണ് വകയിരുത്തിയിട്ടുള്ളത് ; ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അന്യസംസ്ഥാനത്തുനിന്നുള്ള പാൽ വിപണനത്തിന്റെ മറവിൽ തട്ടിപ്പ്

31 (5378) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനത്ത് നിന്നുള്ള പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി വിപണനം ചെയ്ത് തട്ടിപ്പുകൾ നടത്തുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ തട്ടിപ്പുകാരണം യഥാർത്ഥ കർഷകരിൽ നിന്നും പാൽ സംഭരണത്തിൽ കുറവു വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പാൽ എത്തിച്ച് അനർഹമായ സബ്സിഡിയും മറ്റാനുകൂല്യങ്ങളും സംഘങ്ങൾ തട്ടിയെടുക്കുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിൽതന്നെ യഥാർത്ഥ കർഷകരിൽനിന്ന് പാൽ സംഭരണത്തിൽ കുറവ് വന്നിട്ടില്ല എന്ന് കാണുന്നു.

(സി) ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ

32 (5379) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടന്ന ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ :

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ ക്ഷീരകർഷകരിൽനിന്നും പാൽ സംഭരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) പ്രവർത്തനരഹിതമായ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് ക്ഷീരവികസന വകുപ്പിലെ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശവും ഫണ്ടും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly